ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പരിഷ്ക്കരണത്തിൻറെ പാതയിലാണ് ഇന്ത്യയെന്നും, യുവജനശേഷിയും, ശക്തമായ സമ്പദ് വ്യവസ്ഥയും രാജ്യത്തെ വികസിതമാക്കി മാറ്റുമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ബോട്സ്വാനയിൽ ഇന്ത്യൻ സമൂഹത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.

   **President Droupadi Murmu addressed the members of the Indian community in Botswana today. The President said that India is undergoing a transformation to become Viksit Bharat by 2047.**

2) ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ രാജ്യത്തിൻറെ നേട്ടങ്ങളെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi has lauded the achievement of India's fight against Tuberculosis (TB).**

3) ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. മുന്നൊരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Counting of Votes for the Assembly Elections in Bihar will begin at 8 AM tomorrow**

4) കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. നാമ നിർദ്ദേശ പത്രികകൾ നാളെ മുതൽ ഈ മാസം 21 വരെ സമർപ്പിക്കാം.

**Notification for Kerala local body elections will be issued tomorrow. Nominations can be submitted from tomorrow till 21st of this month.**

5) ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത തുടരുന്നു.

**In the wake of Delhi blast, strict vigilance continues across the country.**

6) ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ..

**The opening match of India- South Africa two-match Test series starting tomorrow in Kolkata**

**PRESIDENT BOTSWANA (INTRO)**

പരിഷ്കരണത്തിൻറെ പാതയിലാണ് ഇന്ത്യയെന്നും, യുവജനശേഷിയും, ശക്തമായ സമ്പദ് വ്യവസ്ഥയും രാജ്യത്തെ 2047 ഓടെ വികസിതമാക്കി മാറ്റുമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ബോട്സ്വാനയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഡിജിറ്റൽ ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ട് അപ്പ്

ഇന്ത്യ, സ്വച്ഛ് ഭാരത് സംരംഭങ്ങൾ രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് നയിക്കുകയാണെന്നും ശ്രീമതി മുർമു പറഞ്ഞു. പ്രവാസി ഇന്ത്യക്കാർ ഈ വികസന യാത്രയുടെ സുപ്രധാന ഭാഗമാണെന്ന് പറഞ്ഞ രാഷ്ട്രപതി, ഇന്ത്യ-ബോട്സ്വാന സഹകരണം വജ്ര മേഖലയ്ക്ക് പുറമേ, പ്രതിരോധം, സാങ്കേതിക വിദ്യ, ഡിജിറ്റൽ കണക്ടിവിറ്റി തുടങ്ങിയ രംഗങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്നും അറിയിച്ചു.

(ഹോൾഡ്)

ഡൽഹി സ്ഫോടനത്തിൽ ജീവൻ നഷ്ടമായവരോടുള്ള ആദരസൂചകമായി അൽപനേരം മൗനം ആചരിച്ച ശേഷമാണ് രാഷ്ട്രപതി ചടങ്ങിനെ അഭിസംബോധന ചെയ്തത്. മരിച്ചവരുടെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നതായി പറഞ്ഞ ശ്രീമതി മുർമു പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടേയെന്നും ആശംസിച്ചു.

**PREZ-BOTSWANA**

പ്രൊജക്റ്റ് ചീറ്റയുടെ ഭാഗമായി ബോട്സ്വാനയിൽ നിന്നും ഇന്ത്യയിലേക്ക് ചീറ്റകളെ കൈമാറുന്ന പ്രതീകാത്മക ചടങ്ങിന് സാക്ഷ്യം വഹിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ബോട്സ്വാന പ്രസിഡന്റ് ഡുമ ബോക്കോയും ചടങ്ങിൽ സന്നിഹിതനായി. മൊക്കോളോഡി നേച്ചർ റിസർവിൽ ക്വാറന്റൈനിൽ പാർപ്പിച്ച ശേഷമാണ് എട്ട് ചീറ്റകളെ ഇന്ത്യയിലേക്ക് കൊണ്ടുവരിക. ഇന്ത്യയിൽ

വംശനാശം നേരിട്ട ചീറ്റകളെ രാജ്യത്തേക്ക് മടക്കിയെത്തിക്കുന്ന പദ്ധതിയുടെ ഭാഗമായി നമീബിയ 2022 ൽ എട്ട് ചീറ്റകളെയും, ദക്ഷിണാഫ്രിക്ക 2023 ൽ 12 ചീറ്റകളെയും കൈമാറിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**PM TUBERCULOSIS**

ക്ഷയരോഗത്തിനെതിരായ പോരാട്ടത്തിൽ രാജ്യത്തിൻറെ നേട്ടങ്ങളെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ലോകാരോഗ്യ സംഘടനയുടെ 2025 ലെ റിപ്പോർട്ടുകൾ പ്രകാരം, രോഗബാധ കുറയ്ക്കുന്നതിൽ ഇന്ത്യ വലിയ നേട്ടം കൈവരിച്ചതായി അദ്ദേഹം വ്യക്തമാക്കി. ആഗോള നിരക്കിനേക്കാൾ രണ്ട് മടങ്ങാണ് ക്ഷയ രോഗ നിവാരണത്തിലെ ഇന്ത്യയുടെ പ്രകടനം. ചികിത്സാ വ്യാപ്തി വിപുലപ്പെടുത്താനും രാജ്യത്തിന് സാധിച്ചതായി ശ്രീ മോദി പറഞ്ഞു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**BIHAR- COUNTING (ഇൻട്രോ)**

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. 38 ജില്ലകളിലെ 46 കേന്ദ്രങ്ങളിൽ രാവിലെ 8 മണി മുതൽ വോട്ടെണ്ണൽ ആരംഭിക്കും. കർശന സുരക്ഷയാണ് ഇതോടനുബന്ധിച്ച് ഏർപ്പെടുത്തിയിരിക്കുന്നത്. സായുധ സേനയെയും, പോലീസിനെയും സംസ്ഥാനത്തുടനീളം

വിന്യസിച്ചു. സി.സി.ടി.വി ഉൾപ്പെടെയുള്ള സുരക്ഷ സംവിധാനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കുന്നതിനായി തിരഞ്ഞെടുപ്പ് നിരീക്ഷകരെയും ചുമതലപ്പെടുത്തിയതായി ബിഹാർ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിനോദ് സിങ്ങ് ഗുഞ്ച്യാൽ ആകാശവാണിയോട് പറഞ്ഞു.

(ഹോൾഡ്)

ബിഹാറിലെ 243 നിയമസഭാ മണ്ഡലങ്ങളിൽ രണ്ട് ഘട്ടമായായാണ് വോട്ടെടുപ്പ് നടന്നത്.

## ELECTION-KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പ്രസിദ്ധീകരിക്കും. നാളെ മുതൽ ഈ മാസം 21 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. വിവിധ വാർഡുകളിലേക്കുള്ള സ്ഥാനാർത്ഥികളെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ഇന്നും പ്രഖ്യാപിച്ചു. ഡിസംബർ 9 നും, 11 നും

രണ്ടു ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ. കേരളത്തിലെ 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലാണ് തിരഞ്ഞെടുപ്പ്.

## SIR

തീവ്രവോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൻറെ ഭാഗമായി ഇതിനകം 42 കോടിയിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ മാസം നാലിനാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ SIR രണ്ടാം ഘട്ടം പ്രഖ്യാപിച്ചത്. ഈ ഘട്ടത്തിൽ പരിഗണിക്കുന്ന 51 കോടി വോട്ടർമാരിൽ 81.71 ശതമാനത്തിനും എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചത്. കേരളത്തിലെ 62.5 ശതമാനം വോട്ടർമാർക്ക്, ഒരു കോടി 74 ലക്ഷം ഫോമുകളാണ് ഇതുവരെ വിതരണം ചെയ്തത്. ലക്ഷദ്വീപിൽ 100 ശതമാനം വോട്ടർമാർക്കും ഫോം കൈമാറി. തമിഴ്നാടും പശ്ചിമബംഗാളും അടക്കം

9 സംസ്ഥാനങ്ങളിലും 3 കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് രണ്ടാം ഘട്ടത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം നടക്കുന്നത്.

## JAISHANKAR– DELHI BLAST

ഡൽഹി സ്ഫോടനത്തിൽ ഇന്ത്യയ്ക്ക് ഐക്യദാർഢ്യം രേഖപ്പെടുത്തിയ ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രി ചോ ഹ്യൂണിനും, സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണനും നന്ദി അറിയിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇരു രാജ്യങ്ങളുടെയും പിന്തുണയെ ഇന്ത്യ

വിലമതിക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

## NAAC-AL FALAH NOTICE

ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കർശന ജാഗ്രത തുടർന്ന് രാജ്യം . വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതുയിടങ്ങൾ തുടങ്ങി എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. സ്ഫോടത്തിൻറെ പശ്ചാത്തലത്തിൽ സുരക്ഷാ കാരണങ്ങളാൽ ലാൽ ക്വില മെട്രോ സ്റ്റേഷൻ ഇനിയൊരു അറിയിപ്പ് ഉണ്ടാകും വരെ അടച്ചതായി ഡൽഹി മെട്രോ അറിയിച്ചു. മറ്റ് സ്റ്റേഷനുകൾ സാധാരണ പോലെ പ്രവർത്തിക്കും. സ്ഫോടനത്തിൽ, ഫരീദാബാദിലെ അൽ-ഫലാഹ് സർവകലാശാല കേന്ദ്രീകരിച്ചും അന്വേഷണം പുരോഗമിക്കുകയാണ്. അക്രെഡിറ്റേഷൻ സംബന്ധിച്ച തെറ്റായ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന് അൽ-ഫലാഹ് സർവകലാശാലയ്ക്ക് NAAC കാരണം കാണിക്കൽ നോട്ടീസ് നൽകി.

## GOYAL - CANADA MEET

കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ, കനേഡിയൻ വ്യാപാര മന്ത്രി മനീന്ദർ സിദ്ധുവുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച

നടത്തി. വ്യാപാരം, നിക്ഷേപം എന്നിവ സംബന്ധിച്ച ഏഴാമത് ഇന്ത്യ-കാനഡ മന്ത്രിതല സംഭാഷണത്തിന്റെ ഭാഗമാണ് കൂടിക്കാഴ്ച. നേപ്പാൾ വാണിജ്യ മന്ത്രി അനിൽ കുമാർ സിൻഹയുമായും ശ്രീ പിയൂഷ് ഗോയൽ ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

**PIB FACT CHECK – FINANCE ACT**

വിരമിച്ച കേന്ദ്ര ജീവനക്കാർക്ക് ഡിഎ വർദ്ധനയും, പെൻഷൻ പരിഷ്കരണവും 2025 ലെ ധനകാര്യ നിയമ പ്രകാരം ഇനി മുതൽ അനുവദിക്കില്ലെന്ന തരത്തിൽ സമൂഹ മാധ്യമത്തിൽ നടക്കുന്ന പ്രചാരണം തെറ്റാണെന്ന് കേന്ദ്രസർക്കാർ. ഇത്തരം ഒരു പ്രഖ്യാപനവും സർക്കാർ നടത്തിയിട്ടില്ലെന്നും, വ്യാജ വാർത്തകൾ വിശ്വസിക്കരുതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു.

**IND VS SA**

ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ . കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇന്ത്യൻ സമയം രാവിലെ 9.30 നാണ് മത്സരം. രണ്ടാമത്തെയും അവസാനത്തെയും മത്സരം നവംബർ 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.

## STOCK +GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 12 പോയിന്റ് ഉയർന്ന് 84,479 ലും, നിഫ്റ്റി 3 പോയിന്റ് ഉയർന്ന് 25,879 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വിലയിൽ വൻ കുതിപ്പ് . പവന് വില ഇന്ന് രണ്ടു തവണയായി 2,280 രൂപ വർധിച്ച് 94,320 രൂപയായി.

## RAIN KERALA

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം , പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## DRAFT SEED BILL

നിലവിലെ കാർഷിക ആവശ്യകതകൾക്ക് അനുസൃതമായി, 2025 ലെ വിത്ത് ബില്ലിന് രൂപം നൽകി കേന്ദ്ര സർക്കാർ. 1,966 ലെ വിത്ത് നിയമത്തിന് പകരമായാണ് നിർദ്ദിഷ്ട നിയമനിർമ്മാണമെന്ന് കൃഷി മന്ത്രാലയം അറിയിച്ചു.

കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുക, വിത്ത് വിതരണ ശൃംഖലകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുക എന്നിവയും ബില്ലിലൂടെ ലക്ഷ്യമിടുന്നു. വിത്തുകളുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനും, താങ്ങാനാവുന്ന വിലയിൽ ഉന്നത ശേഷിയുള്ള വിത്തുകൾ കർഷകർക്ക് ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥയുണ്ട്. കരട് ബില്ലിനെ കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടുത്ത മാസം 11 വരെ മന്ത്രാലയത്തിൻ്റെ ഔദ്യോഗിക വെബ്സൈറ്റിൽ സമർപ്പിക്കാം.

## PM-COIMBATORE VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം പത്തൊമ്പതിനു കോയമ്പത്തൂർ സന്ദർശിക്കും. തമിഴ്നാട്ടിലെ കർഷക സംഘടനകൾ സംഘടിപ്പിക്കുന്ന ദക്ഷിണേന്ത്യൻ ജൈവ കൃഷി ഉച്ചകോടിയെ അദ്ദേഹം അഭിസംബോധന ചെയ്യും. 50 ഓളം ജൈവകർഷകരുമായി പ്രധാനമന്ത്രി സംവദിക്കും.

## BALOCHISTAN- INTERNET SUSPENDED

ബലൂചിസ്ഥാൻ്റെ വിവിധ മേഖലകളിൽ മൊബൈൽ ഫോൺ ഇൻ്റർനെറ്റ് സേവനങ്ങൾ നിർത്തിവച്ച് പാക് ഭരണകൂടം. മുൻകരുതലിൻ്റെ ഭാഗമായാണ് നടപടി. വ്യാപാര പ്രവർത്തനങ്ങളെയും, സാധാരണ

ജനജീവിതത്തെയും ഇത് സാരമായി ബാധിച്ചതായാണ് റിപ്പോർട്ടുകൾ.